(ബി) ഈ പദ്ധതിയിൽ ഇതിനോടകം എത്ര പേർക്ക് എത്ര സെന്റ് ഭൂമി വീതം വിതരണം ചെയ്തു എന്ന് വിശദമാക്കാമോ ;

(സി) ഈ പദ്ധതിയുടെ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ ചുമതലയിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015 അവസാനത്തോടുകൂടി പദ്ധതി പ്രകാരമുള്ള സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും 3 സെന്റ് ഭൂമി വീതം വീട് വയ്ക്കുന്ന ആവശ്യത്തിലേക്ക് പതിച്ചുനൽകാനാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അനുയോജ്യമായ സർക്കാർ ഭൂമികൾ കണ്ടെത്തി ഭൂമി പതിവ് ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിവിധ ഘട്ടങ്ങളിലായി പട്ടയം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ തന്നെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ലിസ്റ്റിലുണ്ടായിരുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിൽ കണ്ടെത്തി പ്ലോട്ട് തിരിച്ചിരുന്ന ഭൂമികൾ മുഴുവനും കോടതി കേസുകൾ മൂലമെനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എതിർപ്പുകൾ മൂലമെനയും ഒന്നാം ഘട്ടത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടാം ഘട്ടത്തിൽ ലിസ്റ്റിൽ അവശേഷിക്കുന്ന പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിനാണ് ഊർജ്ജിതമായി ശ്രമിച്ചുവരുന്നത്.

(ബി) ഒന്നാം ഘട്ടമായി 36,491 പേർക്ക് പട്ടയം വിതരണം ചെയ്തു. കണ്ടെത്തിയ മുഴുവൻ ഭൂമിയും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) റവന്യൂ വകുപ്പ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അപേക്ഷകരുടെ അർഹത കണ്ടെത്തുന്നതും പതിവ് നടപടികൾ സ്വീകരിക്കുന്നതും ബന്ധപ്പെട്ട തഹസിൽദാർ മാരുടെയും ജില്ലാ കളക്ടർമാരുടെയും മാത്രം ഉത്തരവാദിത്വമാണ്. അപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഉൾപ്പെടെയുള്ള ചുമതലകൾ റവന്യൂ വകുപ്പിൽ നിയമപ്രകാരം നിക്ഷിപ്തമാവുകയും ചെയ്തിരിക്കുന്നു.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

219 (1276) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി വിജയിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി നൽകുന്നതിന് പ്രത്യേക പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി വിജയപ്രദമായി പൂർത്തിയാക്കുന്നതിന് ജില്ല, താലൂക്ക്, വില്ലേജ്, സംസ്ഥാന തലത്തിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. താലൂക്ക് തലത്തിൽ തഹസിൽദാരും, ജില്ലാ തലത്തിൽ ഡെപ്യൂട്ടി കളക്ടറും, സംസ്ഥാന തലത്തിൽ ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറും സ്പെഷ്യൽ സെല്ലുകൾക്ക് നേതൃത്വം നൽകുന്നു. അപേക്ഷകരിൽ നിന്ന് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. വീട് വയ്ക്കാൻ അനുയോജ്യമായ മുഴുവൻ സർക്കാർ ഭൂമികളും കണ്ടെത്താനുള്ള നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്. അനധികൃത കയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിച്ചും പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ കേസുകളിൽ ഭൂമി തിരിച്ചെടുത്തുകൊണ്ടും, വാസയോഗ്യമായ പുറമ്പോക്ക് ഭൂമികളും മിച്ചഭൂമികളും അന്യം നിന്ന ഭൂമി തുടങ്ങി എല്ലാ വിധത്തിലുള്ള സർക്കാർ ഭൂമികളും ഉപയുക്തമാക്കി ഈ പദ്ധതി പൂർത്തിയാക്കാനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

(ബി) ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി വിതരണം നടത്തുമ്പോൾ ബന്ധപ്പെട്ട നിയമപ്രകാരമുള്ള പരിഗണന നൽകിവരുന്നുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

220 (1277) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേക്ക് നാട്ടിക നിയോജക മണ്ഡലത്തിൽനിന്ന് ലഭിച്ച അപേക്ഷകൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) അപേക്ഷകർക്ക് ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) എത്ര അപേക്ഷകർക്ക് ഭൂമി അനുവദിച്ചുവെന്നും എവിടെയെല്ലാമാണ് അനുവദിച്ചതെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേക്ക് നാട്ടിക മണ്ഡലത്തിൽ ലഭ്യമായിട്ടുള്ള അപേക്ഷകരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു: